**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4651** **19-03-2025 - ൽ മറുപടിയ്ക്ക്**

**കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നാണ്യ വിളകളുടെ പ്രോത്സാഹനത്തിനും ലഭ്യമായ ജലം ഡ്രിപ്പ്, സ്പ്രിംഗ്ളർ സംവിധാനങ്ങൾ ഉപയോഗിച്ച് കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജലനഷ്ടം കുറക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ വളരെ അധികം ഊന്നൽ നല്കുന്ന പദ്ധതി ആണ് ശ്രീ കെ.എം മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി.<br><br>വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാന വ്യാപകമായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തന രീതി തയ്യാറാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർപേഴ്സൺ ആയും അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ കൺവീനർ ആയും ഒരു സമഗ്ര വിദഗ്ധ സമിതി - Micro Irrigation Implementation and Coordination Committee (MIICC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നയം രൂപീകരിക്കുന്നതിനുവേണ്ടി ചീഫ് (അഗ്രി) പ്ലാനിംഗ് ബോർഡ്, ചെയർമാൻ ആയി ഡ്രാഫ്റ്റിങ് കമ്മിറ്റി രൂപീകരിക്കുകയും, ആയത് പ്രകാരം തയ്യാറാക്കിയ കരട് നയം സർക്കാരിന്റെ പരിഗണനയിലുമാണ് .<br><br>നിലവിൽ ജലസേചന വകുപ്പിന് കീഴിൽ നിർവഹിച്ച് വരുന്ന 3 കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .<br><br>1. വയനാട് പുൽപ്പള്ളി പഞ്ചായത്തിലെ ദാസനക്കര മൈക്രോ ഇറിഗേഷൻ പദ്ധതി (261.5 ലക്ഷം) - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br><br>2. വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിലെ വാഴവറ്റ- ചീപ്രം കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ |

സ്കീമിന്റെ 4 പ്രവൃത്തികൾക്ക് 585.00 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

3. കോട്ടയം കുറവിലങ്ങാട് പഞ്ചായത്തിലെ മൈക്രോ ഇറിഗേഷൻ പദ്ധതി (173 ലക്ഷം) - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ച് പാലക്കാട് ജില്ലയിലെ കരടിപ്പാറയിൽ ₹3.10 കോടിയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ധനസഹായം ഉപയോഗിച്ച് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-ൽ ഉൾപ്പെട്ട കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ സ്കീമുകളായ പാലക്കാട് ജില്ലയിലെ മൂങ്കിൽമട (₹6.79 കോടി), വലിയേരി (₹3.88 കോടി), നാവിതൻകുളം (₹3.00 കോടി), കുന്നംകാട്ടുപതി (₹5.21 കോടി), വയനാട് ജില്ലയിലെ അത്തിച്ചാൽ – മുണ്ടൻകൊല്ലി (₹2.65 കോടി) എന്നീ പദ്ധതികളും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ. ഐ. ഐ. ഡി.സി.) മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് കെ.എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പിലാക്കാൻ തീരുമാനിച്ച തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ (₹2.00 കോടി), എറണാകുളം ജില്ലയിലെ കുട്ടിത്താനാൽ (₹5.27 കോടി), പത്തനംതിട്ട ജില്ലയിലെ സീതത്തോട് (₹2.85 കോടി), ഇടുക്കി ജില്ലയിലെ വണ്ടന്മേട് (₹3.10 കോടി), കാമാക്ഷി-പാറക്കടവ് (₹3.23 കോടി), കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി (₹5.08 കോടി) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതികൾ നടപ്പിലാക്കി വരുകയാണ്.

മേൽ പറഞ്ഞ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കൂടാതെ കെ.ഐ.ഐ.ഡി.സി. മുഖേന 'ഇടുക്കി ജില്ലയിലെ കൽവരി മൗണ്ടിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി - ഒന്നാം ഘട്ടം (സിവിൽ പ്രവൃത്തികൾ) – (₹498 ലക്ഷം)' 06.03.2025-ന് ടെൻഡർ ചെയ്തിട്ടുണ്ട്. 'കാമാക്ഷി പഞ്ചായത്തിലെ നെല്ലിപ്പാറയിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ തുടർ പ്രവർത്തനം (₹2 കോടി)' എന്ന പദ്ധതിയുടെ കരാർ വെച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ കാമാക്ഷി പഞ്ചായത്തിലെ കൽവരി മൗണ്ടിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി - രണ്ടാം ഘട്ടത്തിന് (മൈക്രോ ഇറിഗേഷൻ

| | | | |
|---|---|---|---|
| | | | **പ്രവൃത്തികൾ) 4,93,70,835.00 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | **പട്ടാമ്പി മണ്ഡലത്തിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികളൊന്നും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. മണ്ഡലത്തിൽ നിലവിൽ പുതിയ മൈക്രോ ഇറിഗേഷൻ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.** |
| (സി) | ഇല്ലെങ്കിൽ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ; വ്യക്തമാക്കുമോ? | (സി) | **മറുപടി (ബി) പിരിവിൽ ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ